**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **01-02-2023 - ൽ മറുപടിയ്ക്ക്**

**അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | ആമിന അബ്ദുൾ ഖാദറിന്റെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 434/2021 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നതും തുടർന്ന് നടത്തിയ അന്വേഷണത്തിൽ മരണപ്പെട്ട ആമിന ധരിച്ചിരുന്ന ഒൻപതേകാൽ പവൻവരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടതായും ആഭരണങ്ങൾ അപഹരിക്കുന്നതിനായി ആരെങ്കിലും കൊല ചെയ്തിരിക്കാം എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കേസിലെ വകുപ്പുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 397 പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ക്രൈം നമ്പർ 434/2021 u/s 174 സി.ആർ.പി.സി. പ്രകാരം കോതമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/CB/EKM/R/2021 റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ചിന് കൈമാറിയതിന് ശേഷമുള്ള അന്വേഷണ പുരോഗതി വിവരിക്കാമോ; | (ബി) | 22.09.2021 തീയതി എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഷൻ സയൻസ് ലാബിൽ നിന്നും ലഭിച്ചിട്ടുള്ള പരിശോധന റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ പരിശോധനക്കായി Forensic Science Lab ലേക്ക് അയച്ചും, സംശയിക്കുന്നവരുടെ CDR ശേഖരിച്ചും കൂടുതൽ അന്വേഷണം നടത്തി വരികയാണ്. |
| (സി) | പ്രസ്തുത കേസ് എന്ന് മുതലാണ് ക്രൈബ്രാഞ്ച് ഏറ്റെടുത്തതെന്നും ഏത് യൂണിറ്റിനാണ് അന്വേഷണ ചുമതലയെന്നും വ്യക്തമാക്കാമോ; | (സി) | ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 22.09.2021 തീയതി മുതൽ ഈ കേസ്ഏറ്റെടുത്ത് അന്വേഷണം നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത അന്വേഷണത്തിൽ കുറ്റവാളികളെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു. |
| (ഇ) | പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | (ഡി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ